LIBRARY ARCHIVES Kerala Legislative Assembly

അതിയന്നൂർ, പാറശ്ശാല, നേമം എന്നീ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ നിയമനം

37 [975] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിയന്നൂർ, പാറശ്ശാല, നേമം എന്നീ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ അംഗനവാടി വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിയമനത്തിനു വേണ്ടി അപേക്ഷകൾ ക്ഷണിച്ചിരുന്നോ ;

(ബി) എങ്കിൽ, എന്നാണ് അപേക്ഷകൾ ക്ഷണിച്ചതെന്നും എത്ര അപേക്ഷകൾ അതിൻപ്രകാരം ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച തെരഞ്ഞെടുപ്പിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് സീതാംകോളിലെ 'കിൻഫ്രാ' പാർക്ക്

38 [976] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സീതാംകോളിൽ അടുത്ത കാലത്തായി പ്രവർത്തനം ആരംഭിച്ച 'കിൻഫ്രാ' പാർക്കിൽ എത്ര സ്ഥലമാണുള്ളതെന്നും അവ ഏതെല്ലാം പഞ്ചായത്തുകളിലെ എത്ര സ്ഥലം വീതമാണെന്നുമുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലത്ത് എത്ര പേർക്ക് എത്ര സ്ഥലം വീതം എന്ത് വില വച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാർക്ക് വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 194 ഏക്കർ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ ബദിയടുക്ക പഞ്ചായത്തിൽ 16 ഏക്കറും മധൂർ പഞ്ചായത്തിൽ 32 ഏക്കറും പുതിഗേ പഞ്ചായത്തിൽ 146 ഏക്കറും ഉൾപ്പെടുന്നു. പ്രസ്തുത ഭൂമിയിൽ 60 ഏക്കർ മാത്രമാണ് പാർക്കിനായി വികസിപ്പിച്ചിട്ടുള്ളത്. അതിൽ ബദിയടുക്ക പഞ്ചായത്തിൽ 16 ഏക്കറും മധൂർ പഞ്ചായത്തിൽ 29 ഏക്കറും പുതിഗേ പഞ്ചായത്തിൽ 29 ഏക്കറുമായിട്ടാണ് ഭൂമി നിലകൊള്ളുന്നത്.

(ബി) 25 പേർക്ക് 20.37 ഏക്കർ സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഏക്കറിന് 2 ലക്ഷം രൂപ നിരക്കിൽ 18 പേർക്ക് 14.82 ഏക്കർ സ്ഥലവും 7 പേർക്ക് ഏക്കറിന് 2.40 ലക്ഷം രൂപ നിരക്കിൽ 5.55 ഏക്കർ സ്ഥലവും 90 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്.